പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 735 — 30/06/2015 ൽ മറുപടിക്ക്

## ഡയാലിസിസ് യൂണിറ്റുകൾ

| ചോദ്യം<br>ശ്രീ.വർക്കല കഹാർ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, വി.ഡി.സതീശൻ<br>,, എം.എ. വാഹീദ് | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം ഫലപ്രദമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 05/12/2014 ലെ സ.ഉ.(ആർ.റ്റി) നം. 114/13 പ്രകാരം കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിനുകീഴിലെ 27 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി കെ.എം.എസ്. സി.എൽ. മുഖേന ആരംഭിച്ചിട്ടുണ്ട്. 2015-16-ൽ ബഡ്ജറ്റിൽ (പ്ലാൻ) പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 710 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>പുതിയ മെഡിക്കൽ കോളേജുകൾ ഒഴികെയുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പുതിയ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡയാലിസിസ് ഉൾപ്പെടെയുള്ള ആധുനിക സജ്ജീകരണങ്ങൾ ഒരുക്കുന്ന പ്രവർത്തനം പുരോഗമിച്ചു വരുന്നു. |
| (ബി) | ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര രോഗികൾക്ക് പ്രസ്തുത യൂണിറ്റ് മുഖേന ചികിത്സ ലഭ്യമാക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | പുതിയതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകൾ ഒഴികെ എല്ലാ മെഡിക്കൽ കോളേജുകളിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ശരാശരി പ്രതിമാസം 1800 രോഗികൾക്ക് ഡയാലിസിസ് നടത്തിവരുന്നു.<br><br>ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 23 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നു. ശരാശരി മാസം ചെയ്യുന്ന ഡയാലിസിസ് സംബന്ധിച്ച വിവരം താഴെക്കൊടുക്കുന്നു. |

| ജില്ല | ആശുപത്രികളുടെ എണ്ണം | ശരാശരി രോഗികളുടെ എണ്ണം (പ്രതിമാസം) |
|---|---|---|
| തിരുവനന്തപുരം | 2 | 780 |
| കൊല്ലം | 2 | 717 |
| പത്തനംതിട്ട | 2 | 900 |
| കോട്ടയം | 1 | 210 |
| ആലപ്പുഴ | 1 | 90 |
| ഇടുക്കി | 1 | 810 |
| എറണാകുളം | 2 | 227 |
| തൃശ്ശൂർ | 1 | 480 |
| പാലക്കാട് | 3 | 462 |
| മലപ്പുറം | ഇല്ല | - |
| കോഴിക്കോട് | 5 | 3420 |
| വയനാട് | 2 | 1410 |
| കണ്ണൂർ | 1 | 660 |
| കാസർഗോഡ് | 1 | 900 |

| | | | |
|---|---|---|---|
| (സി) | ആശുപത്രികളിൽ എത്തി ഡയാലിസിസ് ചെയ്യുവാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ ആശുപത്രിയിൽ എത്തി ഡയാലിസിസ് ചെയ്യുവാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ മൊബൈൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ